# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35
### (04.02.2020-ലെ മറുപടിക്ക്)

### <u>കിയാലിൽ സി.ആന്റ് എ.ജി ഓഡിറ്റ്</u>

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. കെ.എം.ഷാജി<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>(ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കിയാൽ വിമാനത്താവള കമ്പനിയിൽ സംസ്ഥാന സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി എത്ര ശതമാനം ഓഹരിയാണുള്ളത്; വ്യക്തമാക്കുമോ: | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിൽ സർക്കാരിന് 32.99 ശതമാനവും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 19.83 ശതമാനവും ഓഹരിയാണുള്ളത്. കമ്പനിയുടെ ഓഹരി ഘടന താഴെ വിവരിക്കും പ്രകാരമാണ്. |

| | | |
|---|---|---|
| 1 | കേരള സർക്കാർ | 32.99% |
| 2 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 17.88% |
| 3 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1.95% |
| 4 | എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ | 8.25% |
| 5 | ക്വാളിഫൈഡ് ഇൻസ്റ്റിറ്റ്യൂഷണൽ ബൈയേർസ്, വ്യക്തികൾ, കമ്പനികൾ, സഹകരണ ബാങ്കുകൾ/സൊസൈറ്റികൾ, സമയാസമയങ്ങളിൽ ഡയറക്ടർ ബോർഡ് അംഗീകരിക്കുന്ന നിയമാനുസൃത സ്ഥാപനങ്ങൾ എന്നിവർ ഉൾപ്പെടെ | 38.93% |

| | | |
|---|---|---|
| (ബി) | നിലവിലെ ഈ ഓഹരികൾ പ്രകാരം ഇത് സ്വകാര്യ കമ്പനിയല്ലെന്നത് കേന്ദ്ര കമ്പനികാര്യ മന്ത്രാലയം കിയാലിനെ അറിയിച്ചിട്ടുണ്ടോ; | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിൽ കേരള സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംയുക്തമായി 63 ശതമാനത്തോളം ഓഹരി ഉള്ളതിനാൽ കമ്പനി പരോക്ഷമായി സർക്കാരിന്റെ ഉടമസ്ഥതയിലുള്ളത് ആണെന്നും ആയതിനാൽ സി & എ.ജി ഓഡിറ്റ് കണ്ണൂർ വിമാനത്താവള കമ്പനിക്കും ബാധകമാണെന്ന് കേന്ദ്ര കമ്പനി കാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കൂടാതെ സി. & എ.ജി ഓഡിറ്റ് തടസ്സപ്പെടുത്തിയാൽ നിയമനടപടികൾ സ്വീകരിക്കുമെന്നും കമ്പനി മന്ത്രാലയം കിയാലിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി ബഹു. കേരള ഹൈക്കോടതിയിൽ 32810/2019 ആയി റിട്ട് ഹർജി ഫയൽ ചെയ്യുകയും 03.12.2019-ലെ ഇടക്കാല ഉത്തരവ് പ്രകാരം കേന്ദ്ര കമ്പനികാര്യ വകുപ്പിന്റെ നിർദ്ദേശം സ്റ്റേ ചെയ്തിട്ടുണ്ട്. |
| (സി) | കിയാലിൽ സി.ആന്റ് എ.ജി ഓഡിറ്റ് തടസ്സപ്പെടുത്തിയാൽ തുടർനടപടി സ്വീകരിക്കുമെന്ന് കമ്പനി മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ